(ബി) സ്ലാബ് സമ്പ്രദായം ഇതിനായി അംഗീകരിച്ചിട്ടുണ്ടോ ;

(സി) പുതിയ സാഹചര്യത്തിൽ ശാസ്ത്രീയമായി സ്ലാബ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയ്ക്ക് അനുസൃതമായുമാണ് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി തൊഴിൽ നികുതി പിരിച്ചെടുക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ നികത്താൻ നടപടി

171(379) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജോലിഭാരം കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും കൂടുതൽപേരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലാണ് കാര്യമായ ഒഴിവുകൾ ഉള്ളത് ടി ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

പി. എസ്. സി. -യുടെ ലിസ്റ്റ് നിലനിൽക്കവെ സെറിഫെഡിൽനിന്ന് പഞ്ചായത്തുകളിൽ നിയമനം

172(380) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ എൽ.ഡി.സി മാരെ തെരഞ്ഞെടുക്കുന്നതിനായി പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എസ്.സി.-യുടെ ലിസ്റ്റ് നിലനിൽക്കെ സെറിഫെഡിൽ നിന്ന് പഞ്ചായത്തുകളിൽ നിയമനം ലഭിച്ചവരായി ആരെങ്കിലുമുണ്ടോ ; എങ്കിൽ എത്ര പേർ ; തസ്തിക തിരിച്ച് വിശദാംശം നൽകുമോ ;

(സി) ഇത്തരത്തിൽ സെറിഫെഡിൽ നിന്നും ഉദ്യോഗസ്ഥരെ പഞ്ചായത്തുകളിൽ നിയമിക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ അനധികൃതമായി നിയമിച്ച ഇത്തരക്കാരെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) സെറിഫെഡിൽ നിന്ന് പഞ്ചായത്ത് വകുപ്പിലേക്ക് 234 ജീവനക്കാരെ പുതുതായി സൃഷ്ടിച്ച 234 പോസ്റ്റുകളിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

എൽ.ഡി.ക്ലാർക്ക് -152

ടൈപ്പിസ്റ്റ്-13

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

മെക്കാനിക്ക് (സൂപ്പർ ന്യൂമറ്റി)-1

പ്യൂൺ/ഹെൽപ്പർ-49

പാർട്ട് ടൈം സ്വീപ്പർ(സൂപ്പർ ന്യൂമറി)-18

(സി) 26-7-2010-ലെ സ.ഉ.(എംഎസ്) നമ്പർ 159/2010/തസ്വഭവ ഉത്തരവു പ്രകാരം നിർത്തലാക്കിയ സെറിഫെഡിലെ മേൽപ്പറഞ്ഞ ജീവനക്കാരെ പഞ്ചായത്ത് വകുപ്പിലേയ്ക്ക് വിന്യസിക്കുകയാണ് ചെയ്തിട്ടുള്ളത്. വിന്യസിക്കുന്നതിന് നിയമതടസ്സമൊന്നുമില്ല.

(ഡി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ബാധകമല്ല.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക കേഡർ തസ്തികയാക്കുന്നതിനുള്ള നടപടി

173(381) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly